(ഡി) അർഹമായ റേഡിയോഗ്രാഫർമാർക്ക് അടിയന്തിര പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) 13-10-92 മുതൽ 26-3-99 വരെ കോടതിയുടെ സ്റ്റേ ഉത്തരവ് ഉണ്ടായിരുന്നത്മൂലം പ്രൊമോഷൻ നൽകിയിട്ടില്ല.

(സി) ഇല്ല.

(ഡി) അർഹരായ ജീവനക്കാർക്ക് പ്രൊമോഷൻ നൽകിവരുന്നുണ്ട്.

215 (2531) രണ്ടാം വർഷ എം.ബി.ബി.എസ്-ന് നിലവിലുള്ള ഒഴിവുകൾ

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിൽ രണ്ടാം വർഷ എം.ബി.ബി.എസ്-ന് എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നറിയിക്കുമോ;

(ബി) മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ പ്രവേശനം നടത്തിയതുമൂലം ആണ് ഒട്ടനവധി വിദ്യാർത്ഥികൾക്ക് അവരവരുടെ ജില്ലകളിലോ സമീപ ജില്ലകളിലോ ഉള്ള മെഡിക്കൽ കോളേജുകളിൽ സബ്മിഷൻ ലഭിക്കാതിരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോൾ രണ്ടാംവർഷ എം.ബി.ബി.എസ്-ന് പഠിക്കുന്ന വിദ്യാർത്ഥികളുടെ ട്രാൻസ്ഫർ/മ്യൂച്ചർ ട്രാൻസ്ഫർ അപേക്ഷകൾ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാരോ മെഡിക്കൽ കോളേജ് ഡയറക്ടറോ സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർ അപേക്ഷ സ്വീകരിക്കാത്തതിനാൽ ഇനി ആർക്കാണ് അപേക്ഷ നൽകേണ്ടതെന്ന് വ്യക്തമാക്കുമോ;

(ഇ) രണ്ടാംവർഷ എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് അതത്/സമീപ ജില്ലകളിലേക്ക് ട്രാൻസ്ഫർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടാംവർഷ എം.ബി.ബി.എസ് ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 36-ഉം കോട്ടയം മെഡിക്കൽ കോളേജിൽ 16-ഉം സീറ്റുകൾ ഒഴിവുണ്ട്.

(ബി) പ്രവേശന പരീക്ഷയിൽ വിദ്യാർത്ഥികൾ നേടിയ റാങ്കിന്റേയും കൗൺസിലിംഗ് സമയത്ത് അവർ നൽകിയിട്ടുള്ള ഓപ്ഷനുകളുടേയും അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. ഇന്റർവ്യൂ സമയത്ത്, ലഭ്യമായ സീറ്റുകൾ കുട്ടികൾ തന്നെ തെരഞ്ഞെടുക്കുന്നു.

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ റഗുലേഷൻസ് പ്രകാരം രണ്ടാം വർഷ എം.ബി.ബി.എസിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്ഫർ നൽകുന്നതിന് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കോ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കോ അധികാരമില്ല.

(ഡി) സെക്രട്ടറി, മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയ്ക്കാണ് അപേക്ഷ നൽകേണ്ടത്.

(ഇ) നിലവിലുള്ള നിയമപ്രകാരം രണ്ടാംവർഷ എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ നൽകുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അനുവാദം ആവശ്യമാണ്.

216 (2532) അന്യായമായ സസ്പെൻഷൻ പിൻവലിക്കുന്നതിന് നടപടി

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വീസ് റൂൾസ് (സി.സി.എ) 10(3) പ്രകാരം ജീവനക്കാർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ വെളിപ്പെടുത്തുമോ;

(ബി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 5.1.2000ത്തിലെ എച്ച്1/32/2000 ഉത്തരവ് പ്രകാരം ശിക്ഷാനടപടിക്ക് വിധേയരായ ജീവനക്കാരൻ സർവ്വീസ് റൂൾസ് 10(3)(സി.സി.എ) അനുശാസിക്കുന്ന സമയപരിധിയിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് തെളിയിക്കുന്ന രേഖ ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ 48 മണിക്കൂറിൽ താഴെ മാത്രം ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞ പ്രസ്തുത ജീവനക്കാരനെ സസ്പെന്റുചെയ്യാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് ക്രമവിരുദ്ധമാണെങ്കിൽ അത് പിൻവലിച്ച് പ്രസ്തുത ജീവനക്കാരനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള സിവിൽ സർവ്വീസ് (സി.സി&എ) റൂൾസിലെ റൂൾ 10(3) പ്രകാരം ഒരു സർക്കാർ ജീവനക്കാരൻ ക്രിമിനലായോ, അല്ലാതെയോ 48 മണിക്കൂറിൽ കൂടുതൽ കസ്റ്റഡിയിൽ വയ്ക്കപ്പെട്ടാൽ അയാളെ കസ്റ്റഡിയിൽ എടുത്ത ദിവസം മുതൽ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവ് നൽകേണ്ടതും മേലുത്തരവുണ്ടാകുന്നതുവരെ സസ്പെൻഷനിൽ തുടരേണ്ടതുമാണ്.

(ബി)&(സി) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ 16.12.'99ലെ റിപ്പോർട്ടനുസരിച്ച് ഐ.പി.സി.307 വകുപ്പ് പ്രകാരം ചാർജ് ചെയ്ത 159/99 എന്ന ക്രിമിനൽകേസിലെ പ്രതിയായ ജീവനക്കാരനെയാണ് സസ്പെന്റ് ചെയ്തത്.

(ഡി) പ്രസ്തുത ജീവനക്കാരന്റെ ഇത്തരത്തിൽ ഒരു പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly